(എ) നെയ്യാറിന്റെ പടിഞ്ഞാറെക്കരയിൽ തിരുപുറം മാവിളക്കടവ് ബണ്ടിൽ കുറുത്ത എന്ന സ്ഥലത്തെ കല്ലടുക്ക് പൂർണ്ണമായും തകർന്നിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തിരമായി പ്രസ്തുത ബണ്ട് കല്ലടുക്കി സംരക്ഷിച്ചില്ലായെങ്കിൽ തിരുപ്പുറം പഞ്ചായത്ത് പ്രദേശം വെള്ളത്തിനടിയിലാകും എന്ന വിവരം അറിയുമോ;

(സി) പ്രസ്തുത പണികൾ ഇക്കൊല്ലംതന്നെ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പ്രസ്തുത ബണ്ട് അടിയന്തിരമായി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനായി 51 ലക്ഷം രൂപ അടങ്കൽത്തുകയുള്ള ഒരു പദ്ധതി ഏറ്റെടുക്കുന്ന കാര്യം പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി നടത്തുന്നതാണ്.

59 (3521) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കനാൽ റോഡ് ടാറിംഗ് പ്രവൃത്തി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിൽ കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് പ്രവൃത്തി നടത്തുന്നതിന് (17.800 മുതൽ 14.300 വരെ) നൽകിയ അപേക്ഷയിൻമേൽ എന്ത് തീരുമാനമെടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസമൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡ് നന്നാക്കുന്നതിന് എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കക്കോടി ബ്രാഞ്ച് കനാൽ റോഡ് ടാറിംഗ് നടത്തണമെന്നാവശ്യപ്പെടുന്ന നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ റിപ്പോർട്ട് ലഭിച്ചശേഷമേ അനന്തരനടപടികളെക്കുറിച്ച് തീരുമാനിക്കുവാൻ നിർവ്വാഹമുള്ളൂ.

60 (3524) സർവ്വീസ് സ്ഥിരപ്പെടുത്തുന്നതിന് നടപടി

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly